III ഇ.ബി. XII-കേരള നിയമസഭ /V-15

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

2007 ജൂലായ് 13, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*451, *452, *453) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

സംസ്ഥാനത്തെ ചില ജില്ലകളിൽ പകർച്ചപ്പനിമൂലമുണ്ടായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. ശിവദാസൻ നായർ ഉൾപ്പെടെയുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ അടിയന്തിരപ്രമേയ നോട്ടീസ് നൽകിയിരുന്നുവെങ്കിലും പ്രസ്തുത വിഷയം സഭയിൽ അടിയന്തിര പ്രമേയമായും റൂൾ 130 അനുസരിച്ചും സബ്മിഷനായും ചർച്ച ചെയ്തിട്ടുള്ളതാണെന്നതിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ സബ്മിഷനായി ഉന്നയിക്കാൻ അവസരം നൽകാമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

അടിയന്തിരപ്രമേയം അവതരിപ്പിക്കാനുള്ള അവസരം നിഷേധിച്ച നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി പ്രസ്താവന നടത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംസാരിച്ചു. പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിൽ വന്നിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.

സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ അജണ്ടയിലെ മറ്റ് ഇനങ്ങളിലേയ്ക്ക് കടക്കാതെ ഇന്നത്തേയ്ക്ക് സഭ പിരിയുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

2007 ജൂലായ് മാസം 16-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.40-ന് പിരിഞ്ഞു.